(ബി) ചരക്ക് സേവന നികുതി (ജി.എസ്.ടി.) നിലവിൽ വരുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ താത്പര്യം സംരക്ഷിക്കപ്പെടണമെങ്കിൽ യഥാർത്ഥത്തിൽ കേന്ദ്രനികുതി വരുമാനത്തിന്റെ എത്ര ശതമാനം സംസ്ഥാനത്തിന് ലഭിക്കേണ്ടതായിട്ടുണ്ട് ;

(സി) പതിനാലാം ധനകാര്യ കമ്മീഷൻ ഇപ്പോൾ ശിപാർശ ചെയ്തപ്രകാരം എത്ര ശതമാനം നികുതി വരുമാനം ലഭിക്കുമെന്നാണ് കണക്കാക്കുന്നത് ; ഇത് സംസ്ഥാനത്തിന്റെ യഥാർത്ഥ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ പര്യാപ്തമാണോ ;

(ഡി) ജി.എസ്.ടി. നടപ്പാക്കുമ്പോഴുണ്ടാകാവുന്ന നഷ്ടം നികത്തുന്നതിന് ഇപ്പോഴത്തെ വർദ്ധന പര്യാപ്തമാണോ ?

ഉത്തരം

(എ) കേന്ദ്ര നികുതി വരുമാനത്തിൽ നിന്നും സംസ്ഥാനങ്ങൾക്കുള്ള വിഹിതം വർദ്ധിപ്പിക്കണമെന്ന് എല്ലാ ധനകാര്യ കമ്മീഷനുകൾക്കുമുമ്പാകെയും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ചരക്ക് സേവന നികുതിയുടെ ഘടനയും നിരക്കും സംബന്ധിച്ച് ഇതുവരെ കേന്ദ്രഗവൺമെന്റ് തീരുമാനം കൈക്കൊണ്ടിട്ടില്ല. അതിനാൽ ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന റവന്യൂനഷ്ടം കണക്കാക്കുവാൻ സാധിച്ചിട്ടില്ല.

(സി) പതിനാലാം ധനകാര്യ കമ്മീഷൻ കേന്ദ്ര തനതു നികുതി വരുമാനത്തിന്റെ 42% ആണ് സംസ്ഥാനങ്ങൾക്കുള്ള വിഹിതമായി ശിപാർശ ചെയ്തിട്ടുള്ളത്. ഇതിന്റെ 2.5% തുക കേരളത്തിനു വിഹിതമായി ലഭിക്കും. ഇത് സംസ്ഥാനത്തിന്റെ യഥാർത്ഥ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ പര്യാപ്തമല്ല.

(ഡി) ചോദ്യം (ബി) യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

ഇ-മാർക്കറ്റിംഗുമായി ബന്ധപ്പെട്ട നികുതി വെട്ടിപ്പ്

109 (455) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓൺലൈൻ മാർക്കറ്റിംഗുമായി ബന്ധപ്പെട്ട് നികുതി വെട്ടിപ്പു നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(ബി) വാണിജ്യ നികുതി വകുപ്പിന്റെ കണക്കുപ്രകാരമുള്ള നികുതി വെട്ടിപ്പ് എത്രയാണ് ;

(സി) ഓൺലൈൻ മാർക്കറ്റിംഗുമായി ബന്ധപ്പെട്ട നികുതി വെട്ടിപ്പ് തടയുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഓൺലൈൻ മാർഗ്ഗത്തിലൂടെ സാധനങ്ങൾ വാങ്ങുന്ന പ്രവണത വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ ഓൺലൈൻ വഴി ഓർഡറുകൾ സ്വീകരിക്കുകയും ഉപഭോക്താക്കൾക്ക് സാധനങ്ങൾ എത്തിക്കുകയുമാണ് ചെയ്യുന്നത്. ഉപഭോക്താക്കളുടെ പേരിൽ ബില്ല് ചെയ്യുവരുന്ന ഇത്തരം സാധനങ്ങൾക്ക് അതാത് സ്ഥാപനങ്ങളിൽ നിലവിലുള്ള നികുതി ഈടാക്കിയതായാണ് ബില്ലിൽ രേഖപ്പെടുത്തിക്കാണുന്നത്. നിയമപരമായി അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് നടത്തുന്ന വില്പന കേന്ദ്ര വിൽപ്പന നികുതി നിയമം അനുവദിച്ചിട്ടുള്ളതും ഭരണഘടനാപരമായി തടയുവാൻ ബുദ്ധിമുട്ടുള്ളതുമാണ്. വ്യക്തമായ നിയമത്തിന്റെ അഭാവം ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്.

(ബി) വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം അതിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ചുമത്തിയ പിഴ സംബന്ധിച്ച വിവരം താഴെ പറയുന്നു. മൊത്തം 65.39 കോടി രൂപ പിഴ ചുമത്തിയിട്ടുണ്ട് :

ഫ്ലിപ്കാർട്ട് (47.15 കോടി രൂപ)

ജബോംഗ് (3.89 കോടി രൂപ)

വെക്കർ ഇ കൊമേഴ്സ് (2.23 കോടി രൂപ)

റൊബ്മാൾ (0.36 കോടി രൂപ)

ബ്ലൂഡാർട്ട് DHL എക്സ്പ്രസ്സ് (9.09 കോടി രൂപ)

ഇൻഡ്യ ഓൺലൈൻ എക്സ്പ്രസ് (പി) ലിമിറ്റഡ് (2.67 കോടി രൂപ)

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഫ്ലിപ്കാർട്ടിൽ നിന്നും പിഴ ഈടാക്കുന്നതിന് താൽക്കാലിക സ്റ്റേ അനുവദിച്ചിട്ടുണ്ട്.

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നും നിയമപരമായി കേരളത്തിലേയ്ക്ക് നടത്തുന്ന വില്പന കേന്ദ്രവില്പന നികുതി നിയമം അനുവദിച്ചിട്ടുള്ളതാണ്. അത്തരം വ്യാപാരങ്ങൾ തടയുവാൻ ഭരണഘടനാപരമായി ബുദ്ധിമുട്ടുണ്ട്. അന്തർ സംസ്ഥാന വില്പന ഒരു കേന്ദ്ര വിഷയവുമാണ്. ഓൺലൈൻ വ്യാപാരത്തെക്കുറിച്ച് നിയമത്തിൽ അവ്യക്തത നിലനിൽക്കുന്നുണ്ട്. എന്നാൽ ഓൺലൈൻ വില്പന പ്രക്രിയയുടെ ചില വസ്തുതകൾ പരിശോധിച്ച് അത് സംസ്ഥാനത്തിനകത്തെ വില്പനയായി പരിഗണിക്കേണ്ടതാണെന്നും നികുതി ബാധ്യത ഉണ്ടെന്നും കാണിച്ച് വാണിജ്യ നികുതി വകുപ്പ് ഇത്തരം സ്ഥാപനങ്ങൾക്ക് പിഴ ചുമത്തി വരുന്നുണ്ട്.